തന്നെ ഇല്ലാതാക്കുമെന്നുള്ളതാണ് സത്യം എന്നിരുന്നാലും ധാരാളം പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് ഒരു അവസരം കൂടി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നുണ്ട്. ഡിസംബർ ഒന്നു മുതൽ 31 വരെ എന്നു പറയുമ്പോൾ, ആ വർഷം കൂടി ഉൾപ്പെടുത്താൻ പാടും. ആ തീയതി വരെ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അവസരം കൊടുക്കാം. ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ട ഒരു വസ്തുത കൂടിയുണ്ട്. തൊഴിലില്ലായ്മാ വേതനത്തിന് ഇതു കണക്കിലെടുക്കുന്നതല്ല. രജിസ്ട്രേഷൻ മുടക്കം വന്നതിനുശേഷം പുതുക്കുന്നവർക്ക് ജോലിക്കുള്ള സീനിയോറിറ്റി മാത്രമേ ഇതുകൊണ്ടു പുനഃസ്ഥാപിക്കുന്നതാകൂ. എന്തായാലും ഒരിക്കൽ കൂടി അതിനുള്ള അനുവാദം കൊടുക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(6) കർഷകദിനം

ശ്രീ. സണ്ണി പോൾ: സർ, ചിങ്ങം ഒന്ന് കർഷകദിനമായി നാം ആചരിക്കുകയാണ്. ആ പരിപാടി വളരെ യാന്ത്രികമായി നടക്കുന്ന ഒന്നാണെന്ന് അതിൽ പങ്കെടുക്കുന്ന നമുക്കെല്ലാവർക്കും അറിയാം. കേവലം ഉദ്യോഗസ്ഥൻമാരുടെ ചടങ്ങ് നിറവേറലാണ് ഇന്നു നടക്കുന്നത്. മണ്ണിൽ കനകം വിളയിക്കാൻ കഠിന പ്രയത്നം നടത്തുന്ന കർഷക തൊഴിലാളികളെ അംഗീകരിക്കാൻ, അവരെ പരിഗണിക്കാൻ ആരും തയ്യാറല്ല. അതുകൊണ്ട് ചിങ്ങം ഒന്ന് കർഷകത്തൊഴിലാളി ദിനമായി ആചരിക്കണമെന്ന്, പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കർഷക ദിനം ആചരിക്കുന്നതോടൊപ്പം കർഷകത്തൊഴിലാളി ദിനവും ആഘോഷിക്കാൻ സർക്കാർ തയ്യാറാകണം. നമ്മുടെ നാടൻ പാട്ടുകളിൽ, ഈരടികളിൽ, പഴഞ്ചൊല്ലുകളിൽ എല്ലാം നിറഞ്ഞുനിൽക്കുന്ന ഈ കർഷകത്തൊഴിലാളികളെ മറക്കരുത്. 1181-ാം മാണ്ട് ചിങ്ങം 1-ാം തീയതി കർഷക ദിനമായി ആചരിക്കുമ്പോൾ, കർഷകത്തൊഴിലാളി ദിനം കൂടിയായി പ്രഖ്യാപിക്കുവാൻ, ബഹുമാന്യയായ കെ. ആർ. ഗൗരിയമ്മ അടിയന്തിര നടപടി സ്വീകരിക്കണം. വലിയ ജനപങ്കാളിത്തത്തോടുകൂടി, ഗ്രാമത്തിന്റെ ഉത്സവമെന്നോണം, ആ പരിപാടി നടത്തത്തക്ക വിധത്തിൽ സംവിധാനം ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കർഷകദിനം ആചരിക്കൽ 1992-ലാണ് നടപ്പാക്കിത്തുടങ്ങിയത്. 1048-ഓളം കൃഷി ആഫീസ് തലത്തിൽ, എം. എൽ. എ., എം. പി., പഞ്ചായത്തു മെമ്പർ, ജില്ലാ കൗൺസിൽ മെമ്പർ, ബ്ലോക്ക് കമ്മിറ്റി മെമ്പർ ഇവരുടെയൊക്കെ അദ്ധ്യക്ഷതയിലോ, സഹകരണത്തോടെയോ ഒരു സ്വാഗത സംഘം ഉണ്ടാക്കി വിപുലമായിട്ടുള്ള വിധത്തിൽ നടത്തണമെന്നാണ് ഗവൺമെന്റിന്റെ നിർദ്ദേശം. ആ കമ്മിറ്റിയാണ് ആദരിക്കേണ്ട കൃഷിക്കാരെ തെരഞ്ഞെടുക്കേണ്ടത്. ചിങ്ങം ഒന്ന് നമ്മളെ സംബന്ധിച്ചിടത്തോളം പുതുവർഷമെന്ന നിലയിൽ ആഘോഷിക്കുന്നതിനുപുറമേ, ഇതു കേരളത്തിലെ കൃഷിക്കാരുടെ വിളവെടുപ്പുകാലം കൂടിയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കൃഷിക്കാരെ ആദരിക്കാൻ തീരുമാനിച്ചത്. ഈ ആദരിക്കൽ ചടങ്ങിൽ കർഷകത്തൊഴിലാളികൾക്കും പങ്കെടുക്കാം. ഇപ്പോൾ കർഷകത്തൊഴിലാളികൾ ധാരാളമായി നേരിട്ട് കൃഷി ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതിനെയൊക്കെ അടിസ്ഥാനത്തിൽ പേരു മാറ്റണമെന്നില്ല. [illegible] അവിടെ വച്ച് ആദരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുമാണ് തീരുമാനിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ ആഗ്രഹം നല്ല നിലയിൽ ഇതു നടത്തണമെന്നാണ്. നല്ലൊരു കമ്പിനിയാണ് സ്വാശ്രയ സംഘം, കർഷകരിനം നല്ലനിലയിൽ നടത്തുന്നതിനാണ് ഇങ്ങനെ ഒരു സംഘം സംഘടിപ്പിച്ചിരിക്കുന്നത്. കർഷകത്തൊഴിലാളികളും ഇപ്പോൾ നേരിട്ട് കൃഷി ചെയ്യുന്നുണ്ട്. നല്ല കൃഷിക്കാരനെ തെരഞ്ഞെടുക്കുമ്പോൾ കൃഷി ചെയ്യുന്ന കർഷകത്തൊഴിലാളിയെയും നല്ല കർഷകനായി തെരഞ്ഞെടുക്കാം അതുകൊണ്ട് കർഷകരിനമെന്നുള്ള പേരുമാറണമെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല.

(7) ചിങ്ങവനം ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ലിമിറ്റഡ് തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. നാരായണൻ: സർ, കോട്ടയം ജില്ലയിൽ ചിങ്ങവനത്ത് പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് എന്ന സ്ഥാപനം 1965-ൽ ഒരു ചെറിയ യൂണിറ്റായി പ്രവർത്തനം ആരംഭിച്ചതാണ്, ചുരുങ്ങിയ കാലംകൊണ്ട് കോടികണക്കിന് ലാഭമുണ്ടാക്കുന്ന ഒരു വൻകിട കമ്പനിയായി അതു വളർന്നു വന്നു. അഞ്ഞൂറിലധികം സ്ഥിരം തൊഴിലാളികളും അതിലേറെ താൽക്കാലിക തൊഴിലാളികളും ഈ സ്ഥാപനത്തെ ആശ്രയിച്ചു കഴിഞ്ഞു വന്നിരുന്നു. വിലപന്നികുതി ഇനത്തിലും സെൻട്രൽ എക്സൈസ് നികുതിയിനത്തിലും കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് കോടികണക്കിന് പ്രതിവർഷം അടച്ചു പോന്നിരുന്ന ഒരു സ്ഥാപനമായിരുന്നു ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്. 1990 വരെ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഈ കമ്പനി, 1999 മെയ് മാസം 11-ന് അടച്ചു പൂട്ടി. കമ്പനിയുടെ മിസ് മാനേജ്മെന്റും പെട്ടെന്നുള്ള വൈദ്യുതി ചാർജ്ജ് വർദ്ധനവും ആണ് കമ്പനി അടച്ചു പൂട്ടാൻ കാരണം. കമ്പനി അടച്ചു പൂട്ടിയതോടു കൂടി അതിനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന നിരവധി കുടുംബങ്ങൾ പട്ടിണിയിലും ദുരിതത്തിലുമാണ്. അതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഇടപെട്ട് ഇത് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സഭാ മുഖേനയിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): സർ, കോട്ടയം ജില്ലയിൽ ചിങ്ങവനത്ത് പ്രവർത്തിച്ചിരുന്നതും പൂട്ടിക്കിടക്കുന്നതുമായ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് എന്ന സ്ഥാപനം തുറക്കുന്നതിലേക്കായി സർക്കാർ നിരന്തരമായി ശ്രമം നടത്തി വരുന്നു. അതിന്റെ ഭാഗമായി 10.6.2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിലും നടന്ന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കമ്പനിയുടെ ഭാരവാഹികളും പങ്കെടുത്തിരുന്നു. പ്രസ്തുത യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായി സ്വീകരിക്കേണ്ട നടപടികൾ ബന്ധപ്പെട്ട വിവിധ വകുപ്പുകൾ പരിശോധിച്ചു വരികയാണ്. ഏത്രയും വേഗം കമ്പനി തുറന്നു പ്രവർത്തിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly